## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2952 07/02/2018-ൽ മറുപടിയ്ക്ക്

## പ്രീ പ്രൈമറി അധ്യാപകരുടെയും ആയമാരുടെയും ആനുകൂല്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കോവൂർ കുഞ്ഞുമോൻ** | | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) | |
| (എ) | പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പ്രീ-പ്രൈമറി അധ്യാപകർക്കും ആയമാർക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിച്ചതിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഗവ. സ്കൂളുകളിൽ പി.റ്റി.എ നിയന്ത്രണത്തിൽ ആരംഭിച്ച് പ്രവർത്തിച്ച് വരുന്ന പ്രീപ്രൈമറികളിലെ ജീവനക്കാർക്ക് 2012 മുതൽ സർക്കാർ വർദ്ധിപ്പിച്ച ഓണറേറിയം നൽകിവരുന്നു.<br>01/08/2012-ൽ ഒരു വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയതുമായ എല്ലാ പ്രീ-പ്രൈമറി ജീവനക്കാർക്കും നിലവിൽ ഓണറേറിയം ലഭിക്കുന്നുണ്ട്. 07/09/17-ലെ സ.ഉ(കൈ) നം. 110/2017/പൊ.വി.വ പ്രകാരം സർക്കാർ സ്കൂളുകളിലെ പി.റ്റി.എ നടത്തുന്ന പ്രീപ്രൈമറിയിലെ അധ്യാപിക/ആയ എന്നിവർക്ക് ആകസ്മികാവധിയും, ഓണറേറിയത്തോടു കൂടിയ 6 മാസം പ്രസവാവധിയും കൂടാതെ കാൻസർ പോലെയുള്ള മാരകരോഗം ബാധിച്ചവരുടെ കാര്യത്തിൽ സ്പെഷ്യൽ കാഷൽ ലീവിന്റെ വ്യവസ്ഥകൾക്കനുസരിച്ച് ഓണറേറിയത്തോടുകൂടിയ അവധിയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രീ - പ്രൈമറി അധ്യാപകരുടെയും ആയമാരുടെയും ആനുകൂല്യങ്ങൾ സംബന്ധിച്ച് സംസ്ഥാനത്ത് ഏകീകൃത നിയമങ്ങൾ നിലവിലുണ്ടോ; | (ബി) | ഇല്ല |
| (സി) | അതാത് പഞ്ചായത്തുകൾ പ്രസ്തുത ജീവനക്കാർക്ക് നൽകുന്ന ആനുകല്യങ്ങൾ അപര്യാപ്തമായതിനാൽ ഏകീകൃത ശമ്പളം നൽകാൻ മുൻകൈ എടുക്കുമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല |
| (ഡി) | സർക്കാർ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്ക് സർക്കാർ ശമ്പളം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ | (ഡി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ